# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : T 5114** **22.05.2017-ന് മറുപടിയ്ക്ക്**

**ശക്തികുളങ്ങര ഹാർബറിനായി ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എൻ. വിജയൻ പിള്ള** | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) ശക്തികുളങ്ങര ഹാർബറിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്ന നടപടിയുടെ പുരോഗതി അറിയിയ്ക്കാമോ :<br><br>ബി) ഭൂമി ഏറ്റെടുക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ? | **(എ) യും (ബി) യും**<br><br>ശക്തികുളങ്ങര ഹാർബറിന്റെ വികസനത്തിനായി നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള 18.06.2015 തീയ്യതിയിലെ സ.ഉ.(സാധാ)നം. 3143/15/റവ സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ, 17.02.2016-ന് ജില്ലാ കളക്ടർ അടിസ്ഥാനവില റിപ്പോർട്ട്(BVR) അംഗീകരിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതിന് 22.02.2016, 11.08.2016 തീയ്യതികളിൽ ജില്ലാതല വിലനിർണ്ണയസമിതി യോഗം ചേർന്നിരുന്നെങ്കിലും, ഭൂവുടമകൾ തമ്മിൽ അവകാശ തർക്കങ്ങളും കോടതി കേസുകളും നിലനിൽക്കുന്നതിനാൽ പ്രസ്തുത വിഷയത്തിൽ ധാരണയിൽ എത്താൻ സാധിച്ചില്ല. ബഹു.മത്സ്യബന്ധനവും തുറമുഖവും വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ 06.05.2017- ന് ചേർന്ന യോഗത്തിലും പ്രസ്തുത വിഷയത്തിൽ ധാരണയിലെത്താൻ സാധിക്കാത്ത സാഹചര്യത്തിൽ, LARR ആക്റ്റ്, 2013 പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള നടപടികൾ അർത്ഥനാധികാരിയായ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ